ശ്രീ. എ. കെ. പാച്ചുപിള്ള: ഈ അപ്പീലിനു് അഡ്വക്കേറ്റന്മാർ ഹാജരാകാറുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്. അവക്കു് പാടില്ലെന്ന വ്യവസ്ഥയില്ല.

ശ്രീ. സി. വി. ഇയ്യു: ഇപ്പോൾ ഉള്ള ലൈനകളും അവരുടെ മുവ്വികന്മാക്കായി കൊടുത്തതാണോ?

Sri. T. K. Narayana Pillai: I claim notice.

ശ്രീ. എ. അച്യുതൻ: ഈ നാമിനേറ്റഡു് മെമ്പറന്മാക്കു് ട്രാൻസ്ഫോട്ടു് അധികാരികളെപ്പോലെ അധികാരമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. അധികാരം ഡിപ്പാട്ടുമെന്റിനാണു്.

റോഡു്

* ൪൭൬. (൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

കിടങ്ങന്തുർനിന്നും മെഴുവേലി ഇംഗ്ലീഷു് സ്കൂളിന്റെ പടിക്കൽക്കൂടി ഇലവന്തിട്ട ചന്തയിലേക്കുള്ള റോഡു് മെയിന്റനൻസിനെടുത്തിട്ടുള്ളതാണോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഇല്ല. പക്ഷെ അതിലേക്കുള്ള ഒരു എസ്റ്റിമേറ്റു് അനുവദിച്ചിട്ടുണ്ടു്. വേണ്ട സ്ഥലം പൊന്നും വിലകൊടുത്തെടുക്കാൻ അനുവദിച്ചിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതിനെ സംബന്ധിച്ചു് നിവേദനങ്ങൾ വല്ലതും ലഭിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അറിവില്ല.

പീച്ചിഅണ

* ൪൭൭. (൧) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പി. ഡബ്ലിയു. ഡി. വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) പീച്ചി അണക്കെട്ടു എന്നാണു തുടങ്ങിയതു; അതിന്റെ എസ്റ്റിമേറ്റു് എന്താണു;

(ബി) അതിന്റെ പണി ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു;

(സി) നാളിതുവരെ അതിനു് ഏതു ചിലവായി;

(ഡി) അതു് എന്നത്തേക്കു് പൂർത്തിയാകും?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧൯൫൪ ജനുവരിയിൽ. ൨൪൦ ലക്ഷം രൂപയാണു് അതിന്റെ എസ്റ്റിമേറ്റു്.

(ബി) അണ അടിത്തട്ടിൽനിന്നും ൩൪ അടി ഉയരംവരെ എത്തിയിട്ടുണ്ടു്. റൈറ്റു് ബാങ്കു് മെയിൻ കനാലിന്റെ ജോലി പുരോഗമിച്ചുകൊണ്ടിരിക്കയാണു്. അതിന്റെ ആദ്യത്തെ ഏഴു മൈലിലും അതിന്റെ ശാഖകളിലും പെട്ട ഭൂമികൾക്കു് അടുത്ത മുണ്ടകൻകാലത്തു് വെള്ളം കൊടുക്കുവാൻ സാധിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly